പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2100 — 23.03.2012-ൽ മറുപടിയ്ക്ക്

## കോട്ടയം ജില്ലയിലെ രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന പദ്ധതി നടപ്പാക്കൽ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി. എഫ്. തോമസ് : | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കോട്ടയം ജില്ലയിലെ വിവിധ വൈദ്യുതി ബോർഡ് ഡിവിഷനുകളുടെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ രാജീവ്ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന മുഖേന കണക്ഷൻ നൽകുവാൻ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ ; | (എ) തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) എങ്കിൽ ഇത് എന്നാണ് തയ്യാറാക്കിയത് ; | (ബി) സെപ്റ്റംബർ 2010-ലാണ് പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കിയത്. |
| (സി) പ്രസ്തുത ജോലിയുടെ ടെൻഡർ എന്നത്തേക്ക് വിളിക്കുവാൻ സാധിക്കും ; | (സി) പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ വിളിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |
| (ഡി) എന്നുവരെ കണക്ഷന് അപേക്ഷിച്ചവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ ? | (ഡി) ഈ പദ്ധതിയുടെ കാലാവധിയായ രണ്ടു വർഷത്തിനുള്ളിൽ ജില്ലയിലെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും വൈദ്യുതി ലഭ്യമാകത്തക്ക രീതിയിൽ ലൈൻ നിർമ്മിക്കുകയും എല്ലാ ബി.പി.എൽ ഭവനങ്ങൾക്കും സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ.